**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പന്തളം നഗരസഭ – ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.141/2017/തസ്വഭവ　　　　　　　　തിരുവനന്തപുരം, തീയതി : 18/01/2017

പരാമർശം : 1) പന്തളം നഗരസഭാ കൗൺസിലിന്റെ 10/06/2016 ലെ X (2) -ാം നമ്പർ തീരുമാനം.

2) പന്തളം നഗരസഭാ ചെയർപേഴ്സണന്റെ 12/07/2016 തീയതിയിലെ കത്ത്

3) നഗരകാര്യ ഡയറക്ടറുടെ 30/11/2016 തീയതിയിലെ കത്ത്.

**ഉത്തരവ്**

പന്തളം നഗരസഭ ശബരിമലയുടെ പ്രധാന ഇടത്താവളം എന്ന നിലയിൽ നഗരസഭാ മേഖലയിൽ 3 മാസക്കാലം തെരുവുവിളക്കുകൾ ഒന്നൊഴിയാതെ പ്രകാശിപ്പിക്കേണ്ടതാണെന്നും, ആയതിനാൽ 33 ഡിവിഷനുകളിലുള്ള നഗരസഭയിൽ തെരുവിളക്ക് ഫലപ്രദമായി പ്രകാശിപ്പിക്കേണ്ടതിലേയ്ക്കായി, തീർത്ഥാടനകാലത്തേയ്ക്ക് 4 തൊഴിലാളികളുടെയും തുടർന്ന് 2 തൊഴിലാളികളെയും ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിക്കുന്നതിനുള്ള അനുമതിയ്ക്കായി പരാമർശം (1) ലെ നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പരാമർശം (2) പ്രകാരം പന്തളം നഗരസഭാ ചെയർപേഴ്സൺ സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുന്നു. ശബരിമല തീർത്ഥാടനം കണക്കിലെടുത്ത് തെരുവുവിളക്ക് ഫലപ്രദമായി പ്രകാശിപ്പിക്കേണ്ടതിനാൽ സ്ഥിരം സംവിധാനത്തിനായി 2 ഇലക്ട്രീഷ്യൻമാരെയും 2 ഹെൽപ്പർമാരെയും ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിക്കുന്നതിനുള്ള കൗൺസിൽ തീരുമാനം അംഗീകരിച്ച് സർക്കാർ അനുമതിക്കായി നഗരകാര്യ ഡയറക്ടർ പരാമർശം (3) പ്രകാരം ശുപാർശയും ചെയ്തിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം 26/02/2016 ലെ G.O(P) No.28/2016/Fin. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. നഗരസഭാ കൗൺസിലിന്റെ തീരുമാനവും നഗരസഭാ ചെയർപേഴ്സണന്റെ കത്തും, മേൽ വിഷയത്തിന്റെ അടിയന്തിര പ്രാധാന്യവും കണക്കിലെടുത്ത് പന്തളം നഗരസഭയിൽ തെരുവുവിളക്ക് മെയിന്റനൻസുമായി ബന്ധപ്പെട്ട സ്ഥിരം

സംവിധാനത്തിനായി 2 ഇലക്ട്രീഷ്യൻമാരെയും 2 ഹെൽപ്പർമാരെയും 26/02/2016 ലെ ജി.ഒ.(പി) നം. 28/2016/ഫിൻ പ്രകാരം, 179 ദിവസത്തേയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനും, ടി ജീവനക്കാരുടെ വേതനം എ.എം.സി ഇനത്തിൽ 2016-17 വാർഷിക പദ്ധതിയിൽ വകയിരുത്തിയ 20 ലക്ഷം രൂപയിൽ നിന്നും വിനിയോഗിക്കുന്നതിനും നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾകലാം. എം
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പന്തളം നഗരസഭ
ചെയർപേഴ്സൺ, പന്തളം നഗരസഭ
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.